**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3352** **01-03-2023 - ൽ മറുപടിയ്ക്ക്**

**നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള നിലവിലെ നിയമം എന്താണ്; | (എ) | പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ആണ് ബാധകമായിട്ടുള്ളത്.<br><br>പൊതു ആവശ്യത്തിനായി നെൽവയൽ തരം മാറ്റുന്നതിന് ലോക്കൽ ലെവൽ മോണിറ്ററിങ്ങ് കമ്മിറ്റി (LLMC) കൺവീനറായ കൃഷി ഓഫീസർ മുമ്പാകെ ഫോറം 2-ൽ അപേക്ഷ നൽകേണ്ടതും തുടർന്ന് ടി സമിതി, സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും, സ്റ്റേറ്റ് ലെവൽ കമ്മിറ്റി വിശദമായി പരിശോധിച്ച ശേഷം ശുപാർശ സഹിതം സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു.<br><br>ടി നിയമത്തിലെ വകുപ്പ് 10, 27 എ(8), 27 എ(9), മുതലായ വകുപ്പുകളിലെയും ചട്ടം 12(16) ലെയും വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം, പൊതു ആവശ്യത്തിനു അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം, സർക്കാരിന് [കൃഷി (എൻസിഎ) വകുപ്പിലാണ് ആയതു പരിശോധിക്കുന്നത്], നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, ഒഴിവാക്കൽ അനുവദിക്കാവുന്നതും, അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ് . |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിലെ അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന് 58.25 സെന്റ് നെൽവയൽ പരിവർത്തനം ചെയ്യുന്നതിനുള്ള പാടശേഖര സമിതിയുടെയും വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഷൊർണ്ണൂർ മണ്ഡലത്തിലെ അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർ മ്മാണത്തിന് 58.25 സെന്റ് നെൽവയൽ പരിവർത്തനം ചെയ്യുന്നതിനുള്ള പാടശേഖര സമിതിയുടെയും വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷ, 16/01/2023-ൽ കൂടിയ സംസ്ഥാനതല സമിതി |

| | | | |
|---|---|---|---|
| | | | പരിശോധിച്ചു സമർപ്പിച്ച റിപ്പോർട്ട്, സർക്കാരിന്റെ കൃഷി (എൻസിഎ) വകുപ്പിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ